ഭരണഭാഷ - മാതൃഭാഷ

നം. TRY/10505/2019-ME 3

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 11/05/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

ജില്ലാ/ സബ് ട്രഷറി ഓഫിസർമാർ

സർ,

വിഷയം: 2020 ഏപ്രിൽ,മെയ് മാസങ്ങളിലെ ശമ്പള ബില്ലുകളുടെ കോപ്പികൾ അക്കൗണ്ടന്റ് ജനറലിനു നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. GO(P) 32/2020 Fin dt.25/3/2020
2. GO(P) 44/2020 Fin dt.20/4/2020
3. GO(P) 48/2020 Fin dt.27/4/2020

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ്-19 മൂലമുണ്ടായ ലോക്ക് ഡൌൺ കാരണം 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ (മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ശമ്പള ബില്ലുകൾ) ഓൺലൈൻ ആയി സമർപ്പിച്ച ശമ്പള ബില്ലുകൾ അവയുടെ കോപ്പികൾ ഹാജരാക്കാതെ തന്നെ പാസ്സാക്കി നൽകുവാൻ സൂചനകൾ പ്രകാരം സബ് ട്രഷറി ഓഫീസർമാർക്ക് താൽകാലിക നിർദേശം നൽകിയിരുന്നു. എന്നാൽ മാസം തോറും അക്കൗണ്ടന്റ് ജനറലിനു അക്കൗണ്ടുകൾ അയക്കുമ്പോൾ ബന്ധപ്പെട്ട വൗച്ചറുകൾ അതോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. ആയതിനാൽ മേൽ മാസങ്ങളിൽ പാസ്സാക്കിയ എല്ലാ ബില്ലുകളുടെയും ഫിസിക്കൽ കോപ്പി ഉൾപ്പെടെ വൗച്ചറുകൾ ബന്ധപ്പെട്ട ഡി.ഡി.ഓ-മാരിൽ നിന്നും ശേഖരിച്ച് അക്കൗണ്ടന്റ് ജനറലിനു സമയ പരിധി പാലിച്ചു തന്നെ നൽകുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദേശിക്കുന്നു. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു ആയത് പൂർത്തീകരിച്ചു റിപ്പോർട്ട് ചെയ്യാൻ എല്ലാ ട്രഷറി ഓഫീസർമാരോടും നിർദ്ദേശിക്കുന്നു. ജില്ലാ ട്രഷറി ഓഫീസർമാർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**V SAJAN**
**JOINT DIRECTOR 1**

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്